## പതിമൂന്നാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2736 — 14/02/2013-ൽ മറുപടിയ്ക്ക്

## ചെമ്മാപ്പിള്ളി തൂക്കുപാലം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി. ഗീതാ ഗോപി | | ശ്രീ.പി .ജെ.ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) | |
| എ) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഒന്നര കോടി രൂപ അനുവദിച്ച താന്ന്യം പഞ്ചായത്തിലെ ചെമ്മാപ്പിള്ളി തൂക്കുപാലം നിർമ്മിക്കുന്നതിനുള്ള നടപടികൾ വിശദമാക്കുമോ; | എ) | തൃശ്ശൂർ ജില്ലയിലെ ദുരന്തസാഹചര്യമുള്ള സ്ഥലങ്ങളിൽ പാലം നിർമ്മിക്കുന്നതിള്ള പദ്ധതികൾക്ക് സർക്കാർ അംഗീകാരം നൽകുന്നതിന്റെ ഭാഗമായി ടി കടവ് പാലത്തിന് സർക്കാർ ഉത്തരവ് (എം.എസ്) നം.454/10/DMD തീയതി 15/10/10-ന് 1.26,63,500 രൂപക്ക് ഭരണാനുമതി നൽകിയിരുന്നതും, പാലം നിർമ്മാണത്തിന് കരാർ ഒപ്പു വച്ചിട്ടുള്ളതുമാണ്. പാലത്തിന്റെ സിവിൽ വർക്സ് പൂർത്തീകരിച്ചു. |
| ബി) | പ്രസ്തുത നിർമ്മാണ പ്രവൃത്തി എന്നത്തേയ്ക്ക് പൂർത്തിയാകുമെന്ന് വ്യക്തമാക്കുമോ; | ബി) | പാലം പണിയുടെ പൂർത്തീകരണ കാലാവധി 23/05/12-ന് അവസാനിച്ചിട്ടുള്ളതാണ്. 31/03/13 വരെ സമയം ദീർഘിപ്പിച്ച് ഉത്തരവാകുന്നതിന് 28/01/13-ൽ സർക്കാരിലേക്ക് ജില്ലാ കളക്ടർ നിർദ്ദേശം സമർപ്പിച്ചു. |
| സി) | തൂക്കുപാലം നിർമ്മിക്കുന്നതിന്റെ ഭാഗമായി പുഴയോരംപാർശ്വഭിത്തി കെട്ടി സംരക്ഷിക്കാൻ നടപടി സ്വീകരിക്കുമോ? | സി) | തൂക്കുപാലം നിർമ്മിക്കുന്നതിന്റെ ഭാഗമായി പുഴയോരം പാർശ്വഭിത്തികെട്ടി സംരക്ഷിക്കാനുള്ള നിർദ്ദേശം പരിശോധിച്ച് ആവശ്യമെങ്കിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |



സെക്ഷൻ ഓഫീസർ